| 04-06-2025 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ - നിങ്ങൾ ഇപ്പോൾ ശ്രീമതമനുസരിച്ച് സൈലൻസിന്റെ അടിത്തട്ടിലേയ്ക്ക് പോവുകയാണ്, നിങ്ങൾക്ക് ബാബയിൽ നിന്നും ശാന്തിയുടെ സമ്പത്ത് ലഭിക്കുകയാണ്, ശാന്തിയിൽ തന്നെയാണ് സർവ്വതും അടങ്ങിയിട്ടുള്ളത്.

**ചോദ്യം:-** പുതിയ ലോകത്തിന്റെ സ്ഥാപനയുടെ മുഖ്യ ആധാരം എന്താണ്?
**ഉത്തരം:-** പവിത്രത. ബാബ എപ്പോഴാണോ ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിച്ച് പുതിയ ലോകം സ്ഥാപിക്കുന്നത് അപ്പോൾ നിങ്ങൾ സഹോദരിയും സഹോദരനുമാകുന്നു. ഭാര്യാ-ഭർതൃ ഭാവം ഇല്ലാതാകുന്നു. ഈ അന്തിമ ജന്മം പവിത്രമാകുന്നതിലൂടെ പവിത്ര ലോകത്തിന്റെ അധികാരിയായിമാറുന്നു. ഞങ്ങൾ സഹോദരീ സഹോദരന്മാരായി തന്നെ കഴിയും എന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. വികാരീ ദൃഷ്ടി വയ്ക്കുന്നില്ല. പരസ്പരം ശ്രദ്ധ കൊടുത്ത് ഉന്നതി നേടുന്നു.

**ഗീതം:-** ഉണരൂ പ്രിയതമകളേ ഉണരൂ....

**ഓം ശാന്തി.** മധുര-മധുരമായ ആത്മീയ കുട്ടികൾ ഗീതം കേട്ടു അതോടൊപ്പം ബുദ്ധിയിൽ സ്വദർശന ചക്രവും ഓർമ്മിച്ചു. ബാബയേയും സ്വദർശനചക്രധാരി എന്ന് പറയും കാരണം, സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിനെ അറിയുന്നതിനെയാണ് സ്വദർശന ചക്രധാരിയാവുക എന്ന് പറയുന്നത്. ഈ കാര്യങ്ങൾ ബാബയ്ക്കല്ലാതെ മറ്റാർക്കും പറഞ്ഞ് തരാൻ സാധിക്കില്ല. നിങ്ങൾ ബ്രാഹ്മണരുടെ എല്ലാത്തിന്റെയും ആധാരം സൈലൻസാണ്. ശാന്തി ദേവാ, അല്ലയോ ശാന്തി നൽകുന്നവനേ എന്നെല്ലാം മനുഷ്യർ വിളിക്കാറുണ്ട്, എന്നാൽ ആരാണ് ശാന്തി നൽകുന്നതെന്നോ, ആരാണ് ശാന്തീധാമത്തിലേയ്ക്ക് കൊണ്ട് പോകുന്നതെന്നോ ആർക്കും അറിയില്ല. നിങ്ങൾ കുട്ടികൾ മാത്രമാണ് ഈ കാര്യങ്ങൾ അറിയുന്നത്, ബ്രാഹ്മണരാണ് സ്വദർശന ചക്രധാരികളാകുന്നത്. ദേവതകൾ സ്വദർശനചക്രധാരികളാണെന്ന് പറയാൻ കഴിയില്ല. രാത്രിയും പകലും പോലെ എത്രമാതം വ്യത്യാസമാണ്. ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു, നിങ്ങൾ ഓരോരുത്തരും സംഖ്യാക്രമത്തിലുള്ള പുരുഷാർത്ഥമനുസരിച്ച് സ്വദർശന ചക്രധാരികളാണ്. ബാബയെ ഓർമ്മിക്കുക എന്നതാണ് പ്രധാന കാര്യം. ബാബയെ ഓർമ്മിക്കുക അർത്ഥം ശാന്തിയുടെ സമ്പത്ത് നേടുക. ശാന്തിയിൽ തന്നെയാണ് സർവ്വതുമുള്ളത്. നിങ്ങളുടെ ആയുസ്സും വർദ്ധിക്കുന്നു, നിരോഗിയായ ശരീരവും ലഭിക്കുന്നു. ബാബയ്ക്കല്ലാതെ മറ്റാർക്കും സ്വദർശന ചക്രധാരിയാക്കിമാറ്റുവാൻ സാധിക്കില്ല. ആത്മാവ് തന്നെയാണ് ആയിത്തീരുന്നത്. ബാബയും സ്വദർശന ചക്രധാരിയാണ് എന്തുകൊണ്ടെന്നാൽ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. ഇപ്പോൾ പുതിയ ലോകത്തെ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ് എന്ന ഗീതവും കേട്ടിട്ടുണ്ട്. ഗീതങ്ങളെല്ലാം മനുഷ്യരുണ്ടാക്കിയതാണ്. ബാബ അതിന്റെ അർത്ഥം മനസ്സിലാക്കി തരുന്നു. ബാബ സർവ്വ ആത്മാക്കളുടെയും പിതാവാണ്, അതിനാൽ എല്ലാ കുട്ടികളും പരസ്പരം സഹോദരങ്ങളാണ്. പ്രജാപിതാ ബ്രഹ്മാവിലൂടെ ബാബ പുതിയ ലോകം രചിക്കുമ്പോൾ നിങ്ങൾ സഹോദരീ സഹോദരന്മാരായി മാറുന്നു, ഓരോരുത്തരും ബ്രഹ്മാകുമാരന്മാരും ബ്രഹ്മാകുമാരിമാരുമാണ്, ഈ കാര്യം ബുദ്ധിയിലുണ്ടെങ്കിൽ ഭാര്യാ-ഭർതൃ ഭാവം ഇല്ലാതാകും. സത്യത്തിൽ നമ്മൾ എല്ലാവരും സഹോദരങ്ങളാണ് എന്ന കാര്യം മനുഷ്യർ അറിയുന്നില്ല. ബാബ രചന രചിക്കുമ്പോൾ സഹോദരീ സഹോദരന്മാരാകുന്നു. ക്രിമിനൽ ദൃഷ്ടി ഇല്ലാതാകുന്നു. ബാബ ഓർമ്മിപ്പിക്കുകയാണ്, അല്ലയോ പതീത പാവനാ എന്ന് നിങ്ങൾ വിളിച്ചിരുന്നു, ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ്, നിങ്ങളോട് പറയുകയാണ് ഈ അന്തിമ ജന്മം പവിത്രമായിരിക്കൂ. എങ്കിൽ നിങ്ങൾ പവിത്രമായ ലോകത്തിന്റെ അധികാരിയായി മാറും. ഓരോ വീട്ടിലും ഈ പ്രദർശിനി ഉണ്ടായിരിക്കണം കാരണം നിങ്ങൾ കുട്ടികൾ ബ്രാഹ്മണരാണ്. തീർച്ചയായും നിങ്ങളുടെ വീട്ടിൽ ഈ ചിത്രങ്ങൾ ഉണ്ടായിരിക്കണം. ഇതിലൂടെ മനസ്സിലാക്കി കൊടുക്കുക വളരെ സഹജമാണ്. 84 ജന്മങ്ങളുടെ ചക്രം ബുദ്ധിയിലുണ്ട്. ശരി- നിങ്ങൾക്ക് ഒരു ബ്രാഹ്മണിയെ വിട്ടു തരാം. അവർ വന്ന് സേവനം ചെയ്യും. നിങ്ങൾ പ്രദർശിനി വയ്ക്കൂ. ഭക്തീമാർഗ്ഗത്തിലും, കൃഷ്ണനെയെല്ലാം പൂജിക്കുന്നവർക്ക് മന്ത്രങ്ങളും മറ്റും അറിയില്ലായെങ്കിൽ അവർ ഏതെങ്കിലും ബ്രാഹ്മണരെ വിളിക്കാറുണ്ട്. അവർ ദിവസവും വന്ന് പൂജ നടത്തും. നിങ്ങളും അതുപോലെ വിളിക്കണം. ഇത് വളരെ സഹജമാണ്. ബാബ പ്രജാപിതാ ബ്രഹ്മാവിലൂടെ സൃഷ്ടി രചിക്കുന്നു അപ്പോൾ തീർച്ചയായും ബ്രഹ്മാകുമാരന്മാരും കുമാരിമാരും സഹോദരീ സഹോദരന്മാരായി. ഞങ്ങൾ രണ്ട് പേരും സഹോദരീ സഹോദരന്മാരായിരിക്കും വികാരീ ദൃഷ്ടി വരില്ല എന്ന് പ്രതിജ്ഞ ചെയ്യുന്നു. ഓർമ്മയുടെ

യാത്രയാണ് മുഖ്യമായിട്ടുള്ളത്. മറ്റ് മനുഷ്യർ സയൻസിന്റെ ശക്തിയുപയോഗിച്ച് എത്ര ഉയരത്തേയ്ക്ക് പോകാൻ പരിശ്രമിക്കുന്നു, എന്നാൽ മുകളിൽ മറ്റൊരു ലോകമൊന്നും ഇല്ല. ഇത് സയൻസിന്റെ ഗഹനതയിലേക്ക് പോകുന്നതാണ്. നിങ്ങൾ ശ്രീമതമനുസരിച്ച് സൈലൻസിന്റെ ഗഹനതയിലേയ്ക്ക് പോവുകയാണ്. അവരുടേത് സയൻസും നിങ്ങളുടേത് സൈലൻസുമാണ്. ആത്മാവ് സ്വയം ശാന്ത സ്വരൂപമാണ് എന്ന് കുട്ടികൾക്കറിയാം. ഈ ശരീരത്തിലൂടെ പാർട്ടഭിനയിക്കുന്നു. കർമ്മം ചെയ്യാതിരിക്കാൻ ആർക്കും സാധിക്കില്ല. ബാബ പറയുന്നു സ്വയം ശരീരത്തിൽ നിന്നും വേറിട്ട ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം നശിക്കും. വളരെ സഹജമാണ്. എന്റെ ഭക്തർക്ക് അർത്ഥം ശിവനെ പൂജിക്കുന്നവർക്ക് മനസ്സിലാക്കി കൊടുക്കൂ. ശിവനാണ് ഏറ്റവും ഉയർന്ന പൂജയുള്ളത് കാരണം ആ ശിവനാണ് സർവ്വരുടെയും സത്ഗതി ദാതാവ്.

ബാബ വന്നിരിക്കുകയാണെന്നും സർവ്വരേയും കൂടെ കൊണ്ട് പോകും എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. അവരവരുടെ സമയമാകുമ്പോൾ ഡ്രാമയനുസരിച്ച് നമ്മളും കർമ്മാതീത അവസ്ഥ നേടും ശേഷം വിനാശമുണ്ടാകും. ആത്മാക്കൾ സതോപ്രധാനമാകാവാൻ വേണ്ടി വളരെയധികം പുരുഷാർത്ഥം ചെയ്യണം. ബാബയുടെ ശ്രീമതമനുസരിച്ച് നടക്കണം, ശ്രീമത് ഭഗവത് ഗീത എന്ന് പറയുന്നുണ്ട്, എത്രമാത്രം മഹിമയാണുള്ളത്. സർവ്വഗുണ സമ്പന്നരെന്നും, സമ്പൂർണ്ണ നിർവ്വികാരിയെന്നെല്ലാം ദേവതകളെക്കുറിച്ച് മഹിമ പറയാറുണ്ട്, ബാബയാണ് വന്ന് സമ്പൂർണ്ണ പാവനമാക്കുന്നത്. ലോകം സമ്പൂർണ്ണമായും പതീതമാകുമ്പോഴാണ് ബാബ വന്ന് സമ്പൂർണ്ണ പാവനലോകമാക്കുന്നത്. നമ്മൾ ഭഗവാന്റെ കുട്ടികളാണെന്ന് എല്ലാവരും പറയുന്നുണ്ട്, അപ്പോൾ തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്തും ലഭിക്കണമല്ലോ. പ്രജാപിതാ ബ്രഹ്മാവിലൂടെ നമ്മൾ ഇപ്പോൾ സഹോദരീ സഹോദരന്മാരായിരിക്കുന്നു. ബാബ കൽപം മുൻപും വന്നിരുന്നു, അതുകൊണ്ടാണ് ശിവജയന്തി ആഘോഷിക്കുന്നത്. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളുമായിരിക്കുന്നു. ബാബാ ഞങ്ങൾ ഒരുമിച്ചിരുന്ന് കൊണ്ടും പവിത്രമായിരിക്കും, അങ്ങയുടെ നിർദ്ദേശമനുസരിച്ച് നടക്കും, എന്ന് ബാബയോട് പ്രതിജ്ഞ ചെയ്യുന്നു. വലിയ കാര്യമൊന്നും തന്നെയല്ല. ഇത് അന്തിമ ജന്മമാണ്, ഈ മൃത്യുലോകം നശിക്കാൻ പോകുകയാണ്. നിങ്ങൾ ബുദ്ധിശാലികളായി മാറിയിരിക്കുകയാണ്. ചിലർ സ്വയം ഭഗവാനാണ് എന്ന് പറയുന്നു, ഭഗവാൻ സർവ്വരുടെയും സത്ഗതി ദാതാവല്ലേ പിന്നെ ഇവർക്ക് എങ്ങനെ സ്വയം ഭഗവാൻ എന്ന് പറയാൻ സാധിക്കും. ഇതും ഡ്രാമയുടെ കളിയാണ് എന്ന് മനസ്സിലാക്കുന്നുണ്ട്.

ബാബ നിങ്ങൾ കുട്ടികളെ സ്വദർശന ചക്രധാരികളാക്കി മാറ്റുന്നു. ബാബ പറയുന്നു സേവനത്തിൽ തത്പരരായിരിക്കൂ. ഓരോ വീട്ടിലും പ്രദർശിനികൾ വയ്ക്കൂ. ഇതുപോലൊരു ശ്രേഷ്ഠമായ പുണ്യകർമ്മം മറ്റൊന്നും ഇല്ല. മറ്റുള്ളവർക്ക് ബാബയിലേക്കുള്ള വഴി പറഞ്ഞ് കൊടുക്കുന്നത് പോലെ ശ്രേഷ്ഠമായ മറ്റൊരു ദാനവുമില്ല. ബാബ പറയുന്നു – എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ പാപങ്ങൾ നശിക്കും. അല്ലയോ പതീത പാവനാ, ഞങ്ങളെ മോചിപ്പിക്കൂ, ഞങ്ങളുടെ വഴികാട്ടിയാകൂ എന്ന് പറഞ്ഞാണ് ബാബയെ വിളിക്കുന്നത്. നിങ്ങളുടെ പേര് പാണ്ഡവർ എന്നാണ്. ബാബയും വഴികാട്ടിയാണ്, സർവ്വ ആത്മാക്കളേയും കൊണ്ട് പോകും. മറ്റുള്ളവരെല്ലാം ശരീരത്തിന്റെ വഴികാട്ടികളാണ്. ബാബ ആത്മീയ വഴികാട്ടിയാണ്. മറ്റുള്ളവർ ഭൗതീകമായ യാത്രചെയ്യുന്നു, ഇവിടെ ആത്മീയ യാത്ര ചെയ്യുന്നു. സത്യയുഗത്തിൽ ഭക്തീമാർഗ്ഗത്തിലെ തീർത്ഥയാത്രകളൊന്നും ഉണ്ടായിരിക്കില്ല. അവിടെ നിങ്ങൾ പൂജ്യരായിമാറുന്നു. ബാബ നിങ്ങളെ എത്ര ബുദ്ധിശാലികളാക്കി മാറ്റുകയാണ്. അതിനാൽ ബാബയുടെ നിർദ്ദേശമനുസരിച്ച് നടക്കണം. എന്തെങ്കിലും സംശയമുണ്ടെങ്കിൽ ചോദിക്കണം. ബാബ പറയുന്നു – മധുരമധുരമായ കുട്ടികളേ ആത്മാഭിമാനിയാകൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. നിങ്ങൾ എന്റെ പ്രിയപ്പെട്ട കുട്ടികളല്ലേ. അരകൽപത്തെ പ്രിയതമകളാണ് നിങ്ങൾ. ഒരാളിന് തന്നെ അനേകം പേരുകൾ പറയുന്നു, എത്രമാത്രം പേരുകളും എത്രമാത്രം ക്ഷേത്രങ്ങളുമാണുള്ളത്. എന്നാൽ ഞാൻ ഒരാൾ തന്നെയാണ്. എന്റെ പേര് ശിവൻ എന്നാണ്. ഞാൻ അയ്യായിരം വർഷങ്ങൾക്ക് മുൻപ് ഭാരതത്തിൽ വന്നിരുന്നു. കുട്ടികളെ ദത്തെടുത്തിരുന്നു. ഇപ്പോഴും ദത്തെടുത്തുകൊണ്ടിരിക്കുന്നു. ബ്രഹ്മാവിന്റെ കുട്ടികളായി മാറിയത് കാരണം നിങ്ങൾ പേരക്കുട്ടികളാണ്. ആത്മാവിനാണ് ഇവിടെ സമ്പത്ത് ലഭിക്കുന്നത്. അതിൽ സഹോദരി സഹോദരൻ എന്ന ചോദ്യമേയില്ല. ആത്മാവാണ് പഠിക്കുന്നതും സമ്പത്തെടുക്കുന്നതും. സർവ്വർക്കും അധികാരമുണ്ട്. നിങ്ങൾ കുട്ടികൾ ഈ പഴയ ലോകത്തിൽ എന്തെല്ലാം കാണുന്നുവോ അതെല്ലാം നശിക്കുന്നതാണ്. മഹാഭാരത യുദ്ധവും നടക്കും. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സമ്പത്ത് നൽകികൊണ്ടിരിക്കുന്നു. പരിധിയില്ലാത്ത ജ്ഞാനം നൽകികൊണ്ടിരിക്കുന്നു. അതിനാൽ പരിധിയില്ലാത്ത ത്യാഗവും വേണം. കൽപത്തിന് മുൻപും ബാബ

രാജയോഗം പഠിപ്പിച്ചിരുന്നു. രാജസ്വ അശ്വമേധ യജ്ഞം രചിച്ചിരുന്നു എന്ന് നിങ്ങൾക്കറിയാം, അതുകൊണ്ട് രാജധാനിക്കായി തീർച്ചയായും പുതിയ ലോകവും വേണം. പഴയ ലോകത്തിന്റെ വിനാശവും സംഭവിച്ചിരുന്നു. അയ്യായിരം വർഷത്തിന്റെ കാര്യമാണ്. ഈ യുദ്ധം തന്നെയാണ് നടന്നിരുന്നത്, ഇതിലൂടെ തന്നെയാണ് സ്വർഗ്ഗത്തിലേക്കുള്ള കവാടം തുറന്നതും. സ്വർഗ്ഗത്തിന്റെ വാതിൽ എങ്ങനെയാണ് തുക്കുന്നത് എന്നറിയാൻ വന്ന് മനസ്സിലാക്കൂ – ഇങ്ങനെ ബോർഡിൽ എഴുതൂ. നിങ്ങൾക്ക് പറഞ്ഞ് കൊടുക്കുവാൻ സാധിക്കില്ല എങ്കിൽ മറ്റാരെയെങ്കിലും വിളിക്കൂ. പിന്നീട് പതുക്കെ പതുക്കെ വൃദ്ധി പ്രാപിക്കും. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളായ നിങ്ങൾ എത്രയധികം ബ്രാഹ്മണരും ബ്രാഹ്മണിമാരുമാണുള്ളത്. ശിവബാബയിൽ നിന്നുമാണ് സമ്പത്ത് ലഭിക്കുന്നത്. ബാബയാണ് സർവ്വരുടെയും പിതാവ്. നമ്മൾ ബ്രാഹ്മണർ തന്നെയാണ് ദേവതകളാകുന്നത് എന്ന കാര്യം നല്ല രീതിയിൽ ബുദ്ധിയിലുണ്ടായിരിക്കണം. നമ്മൾ തന്നെയാണ് ദേവതകളായിരുന്നത്, പിന്നീട് ഈ ചക്രം കറങ്ങിവന്നു. ഇപ്പോൾ നമ്മൾ ബ്രാഹ്മണരായിരിക്കുകയാണ് വീണ്ടും നമ്മൾ വിഷ്ണുപുരിയിക്ക് പോകും. ജ്ഞാനം വളരെ സഹജമാണ്. എന്നാൽ കോടിയിലും ചിലർ മാത്രമാണ് മനസ്സിലാക്കുന്നത്. പ്രദർശിനിയിലെല്ലാം എത്രമാത്രം പേരാണ് വരുന്നത്, വളരെ കുറച്ച് പേർ മാത്രമാണ് മനസ്സിലാക്കുക, വളരെ നല്ലതാണ്, ഞങ്ങൾ തീർച്ചയായും വരും എന്നൊക്കെ ചിലർ പറയാറുണ്ട്. വളരെ ചുരുക്കം പേരാണ് 7 ദിവസത്തെ കോഴ്സ് കേൾക്കുന്നത്, 7 ദിവസത്തെ കാര്യം വലുതല്ല. ഗീതാ പാരായണവും 7 ദിവസമാണ് വരുന്നത്. 7 ദിവസം നിങ്ങളും ഭട്ഠിയിലിരിക്കണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നതിലൂടെ മുഴുവൻ അഴുക്കും ഇളകിപ്പോകും. അരകൽപമായുള്ള മോശമായ രോഗമാണ് ദേഹാഭിമാനം, അത് ഇല്ലാതാകണം. ആത്മാ അഭിമാനിയാകണം. 7 ദിവസത്തെ കോഴ്സ് വലിയ കാര്യമൊന്നും അല്ല. ചിലർ ഒരു സെക്കന്റിൽ തന്നെ മനസ്സിലാക്കുന്നു. വൈകി വരുന്നവർക്കും മുന്നോട്ട് പോകാൻ സാധിക്കും. ഞങ്ങൾ മത്സരിച്ച് ബാബയിൽ നിന്നും സമ്പത്ത് എടുക്കും എന്ന് പറയുന്നു. പ്രദർശിനിയിലും മറ്റും മനസ്സിലാക്കി കൊടുക്കുക വളരെ സഹജമാണ്. നിങ്ങൾക്ക് പറഞ്ഞ് കൊടുക്കാൻ സാധിക്കില്ലായെങ്കിൽ ഏതെങ്കിലും ഒരു സഹോദരിയെ വിളിക്കാം. ദിവസവും വന്ന് ക്ലാസ്സെടുത്തിട്ട് പോകൂ. അയ്യായിരം വർഷങ്ങൾക്ക് മുൻപ് ഈ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു, 1250 വർഷം അവർ ഭരിച്ചു, ഇത് എത്ര ചെറിയ കഥയാണ്. നമ്മൾ തന്നെയാണ് ദേവതകളായിരുന്നത് ശേഷം നമ്മൾ തന്നെയാണ് ക്ഷത്രിയനും വൈശ്യനും ശൂദ്രനുമായി മാറിയത്. ആത്മാവായ നമ്മൾ തന്നെയാണ് ഇപ്പോൾ ബ്രാഹ്മണമായി മാറിയിരിക്കുന്നത്, ഹം സോ എന്നതിന്റെ അർത്ഥം എത്ര യുക്തിയുക്തമായി മനസ്സിലാക്കി തരുന്നു. വിരാട രൂപവും കാണിക്കുന്നുണ്ട് എന്നാൽ അതിൽ ബ്രാഹ്മണരെയോ ശിവബാബയെയോ കാണിക്കുന്നില്ല. അർത്ഥവും മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾ ബാബയെ ഓർമ്മിക്കാൻ പരിശ്രമിക്കണം. മറ്റൊരു സംശയവും ഉണ്ടാകരുത്. വികർമ്മാജീത്തായി ഉയർന്ന പദവി നേടണം, എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു, ഇവർ എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത് എന്നിങ്ങനെയുള്ള ചിന്തകൾ ഇല്ലാതാക്കണം. ഈ ചിന്തകൾ എല്ലാം ഉപേക്ഷിച്ച് എനിക്ക് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണം എന്ന ഒരു ചിന്തയിൽ മാത്രമിരിക്കണം. എത്രമാത്രം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും വികർമ്മാജീത്തായി മാറി ഉയർന്ന പദവി നേടും. അനാവശ്യമായ കാര്യങ്ങൾ കേട്ട് നിങ്ങളുടെ ബുദ്ധിയെ മോശമാക്കരുത്. എല്ലാ കാര്യത്തിലും വച്ച് മുഖ്യമായ കാര്യത്തെ മറക്കരുത്. മറ്റുള്ളവരോടു കൂട്ടുകൂടി സമയം കളയരുത്. നിങ്ങളുടെ സമയം വളരെ അമൂല്യമാണ്. കൊടുങ്കാറ്റുകളെ ഭയപ്പെടരുത്. പ്രയാസങ്ങളുണ്ടാകും നഷ്ടങ്ങളും ഉണ്ടാകും എന്നാലും ബാബയുടെ ഓർമ്മ ഒരിക്കലും ഇല്ലാതാകരുത്. ഓർമ്മിക്കുന്നതിലൂടെ മാത്രമാണ് പാവനമാകുന്നത്, പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടണം. ഈ വയസ്സായ ബാബ ഇത്രയും ഉയർന്ന പദവി നേടുന്നു പിന്നെ എന്തുകൊണ്ട് നമുക്കും ആയിക്കൂടാ. ഇതും പഠിത്തമല്ലേ. ഇവിടെ പുസ്തകങ്ങളുടെയൊന്നും ആവശ്യമില്ല. മുഴുവൻ കഥയും ബുദ്ധിയിലുണ്ട്. എത്ര ചെറിയ കഥയാണ്. ഒരു സെക്കന്റിന്റെ കാര്യമാണ്, സെക്കന്റിലാണ് ജീവന്മുക്തി ലഭിക്കുന്നത്. ബാബയെ ഓർമ്മിക്കുക എന്നതാണ് പ്രധാന കാര്യം. വിശ്വത്തിന്റെ അധികാരിയാക്കുന്ന ബാബയെ നിങ്ങൾ മറക്കുമോ! എല്ലാവരും രാജാവാകില്ലല്ലോ എന്ന് പറയുന്നു. നിങ്ങൾ എന്തിനാ എല്ലാവരെയും കുറിച്ച് ചിന്തിക്കുന്നത്? സ്കൂളിലാണെങ്കിലും എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കില്ലല്ലോ എന്ന് ചിന്തിക്കുമോ? പഠിക്കുന്നവർ പഠിക്കും. ഓരോരുത്തരുടെയും പുരുഷാർത്ഥത്തിലൂടെ മനസ്സിലാക്കുവാൻ സാധിക്കും ഇവർ എന്ത് പദവി നേടുമെന്ന്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ

ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ സമയം വളരെ അമൂല്യമായതാണ്, അനാവശ്യമായ കാര്യങ്ങളിൽ സമയം നഷ്ടപ്പെടുത്തരുത്. എത്ര കൊടുങ്കാറ്റുകൾ വന്നാലും നഷ്ടങ്ങൾ സംഭവിച്ചാലും ബാബയുടെ ഓർമ്മയിലിരിക്കണം.

2) തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകുന്നതിനെക്കുറിച്ച് മാത്രം ചിന്തിക്കണം, മറ്റൊന്നും ചിന്തിക്കരുത്. ഹം സോ, സോ ഹം എന്നതിന്റെ ചെറിയ കഥ വളരെ യുക്തിയോടുകൂടി മനസ്സിലാക്കുകയും മനസ്സിലാക്കി കൊടുക്കുകയും വേണം.

## വരദാനം:- മഗ്നാവസ്ഥയുടെ അനുഭവത്തിലൂടെ മായയെ തന്റെ ഭക്തയാക്കി മാറ്റുന്ന മായാജീത്തായി ഭവിക്കട്ടെ.

മഗ്നാവസ്ഥയുടെ അനുഭവം ചെയ്യുന്നതിന് വേണ്ടി തന്റെ അനേകം ടൈറ്റിലുകൾ അഥവാ സ്വരൂപം, അനേകം ഗുണങ്ങളുടെ അലങ്കാരം, അനേകപ്രകാരത്തിലുള്ള സന്തോഷത്തിന്റെ, ആത്മീയ ലഹരിയുടെ, രചയിതാവിന്റെയും രചനയുടെയും വിസ്താരത്തിന്റെ പോയന്റുകൾ, പ്രാപ്തികളുടെ പോയന്റുകൾ സ്മൃതിയിൽ വെക്കൂ, ഏതാണോ താങ്കൾക്ക് ഇഷ്ടപ്പെട്ടത് അതിന്മേൽ മനനം ചെയ്യൂ എങ്കിൽ മഗ്നാവസ്ഥ സഹജമായി അനുഭവമാകും. പിന്നീട് ഒരിക്കലും പരവശമാകില്ല, മായ സദാ കാലത്തേക്ക് നമസ്കരിക്കും. സംഗമയുഗത്തിലെ ആദ്യത്തെ ഭക്ത മായയാകും. താങ്കൾ എപ്പോൾ മായാജീത്ത് മാസ്റ്റർ ഭഗവാനാകുന്നുവോ അപ്പോൾ മായ ഭക്തയാകും.

## സ്ലോഗൻ:- താങ്കളുടെ ഉച്ഛാരണവും ആചരണവും എപ്പോൾ ബ്രഹ്മാബാബക്ക് സമാനമാകുന്നുവോ അപ്പോൾ പറയാം സത്യമായ ബ്രാഹ്മണർ.

**അവ്യക്ത സൂചനകൾ:- ആത്മീയ സ്ഥിതിയിലിരിക്കാനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.**
ഓർമ്മയിൽ നിരന്തരം ഇരിക്കാനുള്ള മാർഗ്ഗമാണ് ഗൃഹസ്ഥത്തിലിരുന്നുകൊണ്ടും പര-വൃത്തിയിലിരിക്കുക. പര-വൃത്തി അർത്ഥം ആത്മീയ രൂപം. അങ്ങനെ സദാ ആത്മീയ രൂപത്തിലിരിക്കുന്നവർ സദാ നിർമ്മോഹിയും ബാബയുടെ സ്നേഹിയുമായിരിക്കും. എന്ത് ചെയ്യുകയാണെങ്കിലും ഇങ്ങനെ അനുഭവമുണ്ടാകും, ജോലിയൊന്നും ചെയ്തില്ല, മറിച്ച് കളിക്കുകയായിരുന്നു. ഈ ആത്മീയ നേത്രങ്ങൾ, ഈ ആത്മീയ മൂർത്തി അങ്ങനെയുള്ള ദിവ്യ ദർപ്പണമായി മാറും ആ ദർപ്പണത്തിൽ ഓരോ ആത്മാവും പ്രയത്നമൊന്നുമില്ലാതെ ആത്മീയ സ്വരൂപം തന്നെ കാണും.